**വിജ്ഞാപനം 24384**

**റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**
**എക്സ്ചെയ്ഞ്ച് കൺട്രോൾ വകുപ്പ്**
**സെൻട്രൽ ഓഫീസ്, മുംബൈ 400 001**

നവംബർ 13, 2001

എ പി (ഡി.ഐ.ആർ സീരീസ്) വിജ്ഞാപനം നമ്പർ 11
എ പി (എഫ് എൽ സീരീസ്) വിജ്ഞാപനം നമ്പർ 1

വിദേശവിനിമയവകുപ്പിലെ എല്ലാ അധികാരപ്പെടുത്തിയ വ്യക്തികൾക്കും.

സർ/മാഡം

വിദേശയാത്രയ്ക്കുള്ള വിദേശവിനിമയം നൽകൽ - കറൻസി ഘടകം

ഇറാഖ്, ലിബിയ, ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ, റഷ്യൻ ഫെഡറേഷൻ, മറ്റ് കോമൺവെൽത്ത് ഓഫ് ഇൻഡിപെൻറൻഡ് സ്റ്റെയ്റ്റിസിലെ റിപ്പബ്ലിക്കുകൾ എന്നിവയൊഴികെയുള്ള രാജ്യങ്ങളിലേയ്ക്ക് പോകുന്ന യാത്രികർക്ക് 500 യു.എസ് ഡോളർ വരെയുള്ള വിദേശ കറൻസി നോട്ടുകളും നാണയങ്ങളും വിൽക്കാനുള്ള അനുവാദം അംഗീകൃത ഡീലർമാർക്കും സമ്പൂർണ്ണ പണപരിവർത്തകർക്കും നൽകിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ഇല്ലാതെ ഈ രാജ്യങ്ങളിലേയ്ക്ക് പോകുന്നവർക്ക് നൽകുന്ന തുക 2000 യു.എസ് ഡോളർ ആക്കി ഉയർത്താൻ തീരുമാനമായി. ഇതനുസരിച്ച് അംഗീകൃത ലീഡർമാർക്കും സമ്പൂർണ്ണ പരിവർത്തകർക്കും അവർക്ക് ലഭ്യമായിട്ടുള്ള മൊത്തം വിദേശ എക്സ്ചേഞ്ചിൽ നിന്നും 2000 യു.എസ് ഡോളർ വരെ വിദേശ കറൻസി നോട്ടുകളോ നാണ യങ്ങളോ ആയി വിൽക്കാം.

2. ഈ വിജ്ഞാപനത്തിന്റെ ഉള്ളടക്കം അധികാരപ്പെട്ടവർ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

3. ഈ വിജ്ഞാപനത്തിനുള്ള നിർദ്ദേശങ്ങൾ ഫെബ്രുവരി, 1999 (1994 ലെ 42), ഖണ്ഡം 10 (4) , ഖണ്ഡം 11(1) പ്രകാരമാണ് ഇറക്കിയിരിക്കുന്നത്.

വിശ്വസ്തതയോടെ
ഗ്രെയ്സ് കോശി
ചീഫ് ജനറൽ മാനേജർ